## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1778

12.06.2019 ൽ മറുപടിയ്ക്ക്

### അന്തർസംസ്ഥാന സർവ്വീസുകൾ

| | ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുടമകളുടെയും ജീവനക്കാരുടെയും യാത്രക്കാരുടെ മേലുള്ള ഗുണ്ടാവിളയാട്ടത്തിനുളള സാഹചര്യം പൊതുമേഖലയിലെ ദീർഘദൂര യാത്രാസൗകര്യക്കുറവ് മൂലം ഉളവായിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; | (എ) | പൊതു മേഖലയിലെ ദീർഘദൂരയാത്രാ സൗകര്യകുറവല്ല സ്വകാര്യ ബസ്സുകളുടേയും ജീവനക്കാരുടേയും ഗുണ്ടാവിളയാട്ടത്തിനുള്ള കാരണം, എൽ.എ.പി.റ്റി. ലൈസൻസ് നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് സർവ്വീസ് നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സർക്കാർ സ്വീകരിയ്ക്കുന്നുണ്ട്. |
| (ബി) | അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന ഇത്തരക്കാരെ നിയന്ത്രിക്കാൻ നിലവിലെ നിയമം പര്യാപ്തമല്ലെന്ന് കരുതുന്നുണ്ടോ; | (ബി) & (സി) | അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളെ നിയന്ത്രിക്കുന്നതിനായി 'ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്' എന്ന പേരിൽ മോട്ടോർ വാഹന വകുപ്പ് രാത്രികാല പരിശോധന നടത്തിവരുന്നു. നിയമലംഘനം തുടരുന്ന വാഹനങ്ങളെ കണ്ട് കെട്ടാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | അല്ലെങ്കിൽ നിലവിലുള്ള നിയമപ്രകാരം ഇവരെ നിയന്ത്രിക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | സർക്കാർ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കെ.എസ്.ആർ.ടി.സി. യെ മാത്രം അന്തർസംസ്ഥാന സർവ്വീസുകൾക്ക് പ്രാപ്തമാക്കാൻ എന്തുകൊണ്ട് തയ്യാറാകുന്നില്ലെന്ന് വ്യക്തമാക്കുമോ? | (ഡി) | അയൽ സംസ്ഥാനങ്ങളുമായി രൂപീകരിക്കുന്ന അന്തർ സംസ്ഥാന ഗതാഗത കരാർ പ്രകാരമുള്ള സർവ്വീസ് റൂട്ടുകൾ 1992 മുതൽ കെ.എസ്.ആർ.ടി.സി.യ്ക്ക് മാത്രമായി നിജപ്പെടുത്തി യിട്ടുണ്ട്. തമിഴ് നാടുമായുള്ള അന്തർ വാഹന കരാർ 2019-ൽ രൂപീകരിച്ചിട്ടുണ്ട്.<br>ആദ്യഘട്ടമെന്ന നിലയിൽ കോട്ടയം-കോയമ്പത്തൂർ, കോട്ടയം-പളനി, തൃശ്ശൂർ-ഊട്ടി, എറണാകുളം-പളനി, മാനന്തവാടി-കോയമ്പത്തൂർ, സുൽത്താൻബത്തേരി-കോയമ്പത്തൂർ, അർത്തുംഗൽ-വേളാങ്കണ്ണി-കോയമ്പത്തൂർ, കോഴിക്കോട്-നിലമ്പൂർ എന്നീ 8 സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള 15 പെർമിറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ